പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1911 | 14/08/2017 ൽ മറുപടിക്ക് |
|---|---|

## ഇറച്ചിക്കോഴികളിൽ വൈറസ് ബാധ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴികളിൽ വൈറസ് ബാധ സ്ഥിതീകരിച്ച് മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ; | എ) | വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴികളിൽ വൈറസ്ബാധ യുണ്ടെന്ന മാധ്യമ വാർത്തകൾ അടിസ്ഥാന രഹിതമാണ്. |
| ബി) | ഇത്തരം ഇറച്ചിക്കോഴികളുടെ ഗുണനില വാരം ഉറപ്പുവരുത്തുന്നതിനും രോഗ ബാധയില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരി ച്ചിട്ടുള്ളതെന്ന വിശദമാക്കാമോ ; | ബി) | ഇറച്ചിക്കോഴികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും വൈറസ് ബാധയില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും ഉള്ള ആധുനിക സംവിധാനങ്ങൾ ഭക്ഷ്യസുരക്ഷാവകുപ്പിൽ ഇപ്പോൾ ലഭ്യമല്ല.എന്നാൽ ഈ സംവിധാനമുള്ള വെറ്റിനറി യൂണിവേഴ്സിറ്റിയിൽ ആയതു പരിശോധിച്ചിട്ടുണ്ട്. |
| സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഉൽപന്നങ്ങളുടെ ഗുണ നിലവാരം പരിശോധിച്ച് പൊതു ജനാരോഗ്യം ഉറപ്പുവരുത്തുന്നതിന് സ്വീകരി ച്ചിരിക്കുന്ന നടപടികൾ എന്തൊക്കെ യാണെന്ന് അറിയിക്കാമോ? | സി) | അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടു വരുന്ന എല്ലാ ഉൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം എറണാകുളം, കോഴി ക്കോട് എന്നിവിടങ്ങളിലുള്ള അനലിറ്റിക്കൽ ലാബിൽ പരി ശോധിച്ച് നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ, മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം 2006 ലെ ഭക്ഷ്യസു രക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങ ളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീ കരിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാവകുപ്പിൽ പുതുതായി തുട ങ്ങിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനവും ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെ പരിശോധനയ്ക്കായി വിനി യോഗിക്കുന്നതാണ്. ഫുഡ്സേഫ്റ്റിലാബിൽ പരിശോധിക്കാൻ സംവിധാനം ലഭ്യമല്ലെങ്കിൽ മറ്റ് ലാബുകളിൽ അയച്ച് പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ